ഫെബ്രുവരി 16, 2012

**പ്രസ്സ് റിലീസ്**

(എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കുവാൻ താല്പര്യപ്പെടുന്നു)

## കേരള ലളിതകലാ അക്കാദമി പുരസ്ക്കാരങ്ങൾ - 2012

കേരള ലളിതകലാ അക്കാദമിയുടെ ഈ വർഷത്തെ ചിത്ര-ശില്പകലാ വിഭാഗത്തിലുള്ള പുരസ്ക്കാരങ്ങൾ പ്രഖ്യാപിച്ചു. ബാഹുലേയൻ സി.ബി., ജഗേഷ് എടക്കാട്, മാർട്ടിൻ ഒ.സി., സാജു മണ്ണത്തൂർ എന്നീ ചിത്രകാരന്മാർക്കും, ശില്പിയായ വി. സതീശനുമാണ് 15,000/- രൂപയും പ്രശസ്തി പത്രവുമടങ്ങുന്ന പുരസ്ക്കാരങ്ങൾ. പത്രസമ്മേളനത്തിൽ അക്കാദമി ചെയർമാൻ കെ.എ. ഫ്രാൻസിസ്, സെക്രട്ടറി ശ്രീമൂലനഗരം മോഹൻ എന്നിവർ സന്നിഹിതരായിരുന്നു.

പ്രദീപ് കുമാർ പി., സുജീഷ് ഒ., പ്രശാന്ത് ഒലവിളം, വിശ്വാസ് എം. എന്നീ ചിത്രകാരന്മാർക്കും സുഭാഷ് വിശ്വനാഥൻ എന്ന ശിൽപിക്കുമാണ് ഓണറബിൾ മെൻഷൻ പുരസ്ക്കാരം. ഇവർക്ക് 5,000/- രൂപയും പ്രശസ്തിപത്രവും നൽകും. മികച്ച പ്രകൃതി/ഛായാചിത്രത്തിനുള്ള വി. ശങ്കരമേനോൻ എൻഡോവ്മെന്റ് സ്വർണ്ണമെഡൽ രാജേഷ് പറവൂരിനും മികച്ച പ്രകൃതി ദൃശ്യത്തിനുള്ള വിജയരാഘവൻ എൻഡോവ്മെന്റ് സ്വർണ്ണമെഡൽ സദു അലിയൂരിനുമാണ്. 10,000/- രൂപയും പ്രശസ്തിപത്രവുമടങ്ങുന്ന കലാചരിത്ര/ നിരൂപണ ഗ്രന്ഥത്തിനുള്ള പുരസ്ക്കാരം 'കെ.സി.എസ്. പണിക്കർ-കലയും ജീവിതവും' എഴുതിയ പൊന്ന്യം ചന്ദ്രനാണ്.

കലാ വിദ്യാർത്ഥികളായ അജീഷ് എ. രാജ് (ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി, വാരണാസി), അനൂപ് കുമാർ വി.എസ്. (ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സ്, തൃപ്പൂണിത്തുറ), ജോമേഷ് ജോർജ്ജ്, രമിത് കെ., ഉല്ലാസ് കെ.യു. (മൂവരും ഗവ. കോളേജ് ഓഫ് ഫൈൻ ആർട്സ്, തൃശ്ശൂർ) എന്നിവർക്കാണ് 3,000/- രൂപയും പ്രശസ്തിപത്രവുമടങ്ങുന്ന പ്രത്യേക പുരസ്ക്കാരം

പ്രശസ്ത ചിത്രകാരന്മാരായ അക്കിത്തം നാരായണൻ (പാരീസ്), അക്കാദമി മുൻ ചെയർമാൻ സി.എൻ. കരുണാകരൻ, അക്കാദമി വൈസ് ചെയർമാൻ പ്രൊഫ. കാട്ടൂർ നാരായണപിള്ള എന്നിവരായിരുന്നു വിധികർത്താക്കൾ. കലാകാരന്മാരുടെ പേരും പ്രശസ്തിയും ജീവചരിത്രവും പരിഗണിക്കാതെ അവരുടെ കലാസൃഷ്ടികൾ മാത്രം പരിഗണിച്ചാണ് പുരസ്ക്കാരങ്ങൾ നിർണ്ണയിച്ചത്.

ദർബാർ ഹാളിൽ മാർച്ച് നാലിനാണ് സമ്മാനദാനം. ഇതോടനുബന്ധിച്ച് നടത്തുന്ന 15 ദിവസം നീണ്ടു നിൽക്കുന്ന പ്രദർശനത്തിൽ തെരഞ്ഞെടുത്ത 121 കലാസൃഷ്ടികളുണ്ടാകും. പ്രദർശനം മാർച്ച് 18നു സമാപിക്കും.

## മുഖ്യ അവാർഡുകൾ നേടിയ കലാകാരന്മാർ

**ബാഹുലേയൻ സി.ബി.**

1972-ൽ തൃശൂരിലെ ചെറുതുരുത്തിയിലാണ് ബാഹുലേയന്റെ ജനനം. 1996-ൽ തൃശൂർ കോളേജ് ഓഫ് ഫൈൻ ആർട്സിൽ നിന്നും പെയിന്റിങ്ങിൽ നാഷണൽ ഡിപ്ലോമ ലഭിച്ചിട്ടുള്ള ബാഹുലേയൻ പോളണ്ട്, കുവൈറ്റ് തുടങ്ങിയ രാജ്യങ്ങളിലും, ഇന്ത്യയിൽ കൊൽക്കത്തിയിലും സംസ്ഥാനത്തിന്റെ പല നഗരങ്ങളിലും ചിത്ര പ്രദർശനങ്ങൾ നടത്തിയിട്ടുണ്ട്. കുവൈറ്റിൽ കുറച്ച് വർഷം ജോലി ചെയ്തിരുന്ന ബാഹുലേയൻ കുവൈറ്റ് യുദ്ധത്തിന്റെ തിക്തഫലങ്ങൾ അനുഭവിച്ച വ്യക്തിയാണ്. പലപ്പോഴും ഇത് തന്റെ ചിത്രങ്ങളിൽ കടന്നു വരുന്നു. ബാഹുലേയന്റെ 'Transformation' (പരിവർത്തനം) എന്ന അക്രിലിക് ചിത്രത്തിനാണ് ഇക്കുറി അക്കാദമിയുടെ മുഖ്യ പുരസ്ക്കാരം ലഭിച്ചിട്ടുള്ളത്. ഇപ്പോൾ ഷൊർണ്ണൂരിൽ താമസ്സിക്കുന്ന അദ്ദേഹം പൂർണ്ണമായും ചിത്രരചനയിൽ മുഴുകുകയും, കലാരംഗത്ത് സജീവ സാന്നിദ്ധ്യമാവുകയും ചെയ്യുന്നു. സമീപകാലത്ത് നിരവധി ചിത്രകലാ ക്യാമ്പുകളിൽ ബാഹുലേയൻ പങ്കെടുത്തിട്ടുണ്ട്.

**ജഗേഷ് എടക്കാട്**

ജഗേഷിന് ഫൈൻ ആർട്സിൽ ബിരുദവും, ബിരുദാനന്തര ബിരുദവും ലഭിച്ചിട്ടുള്ളത് തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നിന്നാണ്. 1978-ൽ കണ്ണൂരിൽ ജനിച്ച ഇദ്ദേഹം എറണാകുളത്തും തൃപ്പൂണിത്തുറയിലും 2004 മുതൽ പ്രദർശനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. 2011-ൽ ബാംഗ്ലൂരിലെ ചിത്രകലാ പരിഷത്തിൽ പ്രദർശനം നടത്തിയിട്ടുള്ള ജഗേഷ് 2006-ൽ തിരുവനന്തപുരം കോളേജ് ഓഫ് ഫൈൻ ആർട്സിൽ വെച്ച് സംഘടിപ്പിച്ച കലാ ക്യാമ്പിൽ പങ്കെടുത്തിട്ടുണ്ട്. ജഗേഷിന്റെ 'ബഡിങ് കോസ്മോസ്' എന്ന അക്രിലിക്കിലുള്ള ക്യാൻവാസ് ചിത്രമാണ് അദ്ദേഹത്തെ മുഖ്യപുരസ്ക്കാരത്തിനർഹനാക്കിയത്.

**മാർട്ടിൻ ഒ.സി.**

തൃശൂരിലെ ചിറ്റിലപ്പിള്ളി സ്വദേശിയായ മാർട്ടിൻ വർത്തമാന കലാരംഗത്ത് സജീവസാന്നിധ്യമാണ്. 1997 മുതൽ അക്കാദമിയുടെ സംസ്ഥാന പ്രദർശനങ്ങളിൽ പങ്കെടുത്തിട്ടുള്ള അദ്ദേഹം രാജ്യത്തെ പ്രധാന നഗരങ്ങളിൽ നിരവധി എക്സിബിഷനുകളിൽ പങ്കെടുത്തിട്ടുണ്ട്. കേരള ലളിതകലാ അക്കാദമി അടക്കമുള്ള നിരവധി സ്ഥാനപങ്ങളും സംഘടനകളും സംഘടിപ്പിച്ചിട്ടുള്ള ദേശീയ-സംസ്ഥാന ക്യാമ്പുകളിൽ മാർട്ടിൻ പങ്കെടുത്തിട്ടുണ്ട്. അദ്ദേഹത്തിന് അക്കാദമിയുടെ ഓണറബിൾ മെൻഷൻ പുരസ്ക്കാരം ലഭിച്ചിട്ടുണ്ട്. മാർട്ടിനെ മുഖ്യപുരസ്ക്കാരത്തിനർഹനാക്കിയത് 'സിക്സ്ത് ഫ്ളോർ' എന്ന അക്രിലിക് ചിത്രമാണ്.

**സാജു മണ്ണത്തൂർ**

ശാന്തി നികേതനിലെ വിശ്വഭാരതി യൂണിവേഴ്സിറ്റിയിൽ നിന്നും പെയ്ന്റിങ്ങിൽ ബിരുദാനന്തര ബിരുദം ലഭിച്ചിട്ടുള്ള സാജു മണ്ണത്തൂരിന്റെ 'വില്ലേജ് II' എന്ന ഇൻക് ഡ്രോയിങ്ങാണ് മുഖ്യപുരസ്ക്കാരത്തിന് പരിഗണിക്കപ്പെട്ടത്. എറണാകുളം ജില്ലയിലെ മണ്ണത്തൂർ സ്വദേശിയായ സാജു 1996 മുതൽ രാജ്യത്തിന്റെ പ്രധാന നഗരങ്ങളിൽ സംഘടിപ്പിക്കപ്പെട്ടിട്ടുള്ള നിരവധി പ്രദർശനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. 2001-ൽ അഹമദാബാദിലെ കനോറിയ സെന്ററിലും, ലളിത് കലാ അക്കാദമിയുടെ ചെന്നൈ റീജണൽ സെന്ററിലും റസിഡൻസി പ്രോഗ്രാമുകളിൽ പങ്കെടുത്തിട്ടുണ്ട്. 1996-2002 കാലഘട്ടത്തിൽ തൃപ്പൂണിത്തുറയിലെ ആർ.എൽ.വി. കോളേജിലും, 2005-2009 കാലഘട്ടത്തിൽ ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി, കാലടിയിലും പെയ്ന്റിങ് അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

**വി. സതീശൻ**

1968ൽ തിരുവനന്തപുരത്താണ് സതീശൻ ജനിച്ചത്. ശില്പവിഭാഗത്തിൽ 1992-ൽ തിരുവനന്തപുരം കോളേജ് ഓഫ് ഫൈൻ ആർട്സിൽ നിന്നും ബിരുദവും 1997-ൽ ഡൽഹി യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദാനന്തര ബിരുദവും ലഭിച്ചിട്ടുണ്ട്. 2002-ൽ AIFACS അവാർഡും, 1993-ൽ രാജസ്ഥാൻ ലളിത് കലാ അക്കാദമിയുടെ ഓൾ ഇന്ത്യ അവാർഡും ലഭിച്ചിട്ടുണ്ട്. കേരള ലളിതകലാ അക്കാദമിയുടെ ഓണറബിൾ മെൻഷൻ അവാർഡ് ലഭിച്ചിട്ടുള്ള സതീശൻ അക്കാദമിയുടെ നിരവധി ഏകാംഗ-ഗ്രൂപ്പ് പ്രദർശനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. ഗ്രാനേറ്റ്, ബ്രോൺസ്, ഫൈബർഗ്ലാസ് തുടങ്ങി നിരവധി മാദ്ധ്യമങ്ങളിൽ പ്രാവീണ്യം നേടിയിട്ടുള്ള സതീശൻ നിരവധി ദേശീയ സംസ്ഥാന ശില്പക്യാമ്പുകളിൽ പങ്കെടുത്തിട്ടുണ്ട്. ഇക്കുറി അദ്ദേഹത്തെ പുരസ്ക്കാരത്തിനർഹനാക്കിയത് തന്റെ 'റൈഡർ' എന്ന ശില്പത്തിനാണ്. ബ്രോൺസും കല്ലുമാണ് ഈ ശില്പം നിർമ്മിക്കാൻ ഉപയോഗിച്ചിട്ടുള്ളത്.

## കലാചരിത്ര/നിരൂപണ ഗ്രന്ഥത്തിനുള്ള പുരസ്ക്കാരം

**പൊന്ന്യം ചന്ദ്രൻ**

1959-ൽ കണ്ണൂർ ജില്ലയിലെ പാനൂരിനടുത്തുള്ള കിഴക്കേ ചമ്പാടാണ് പൊന്ന്യം ചന്ദ്രന്റെ ജനനം. തലശ്ശേരിയിലെ കേരള സ്ക്കൂൾ ഓഫ് ആർട്സ്, ഫ്രാൻസിലെ Ecole Des Beaux Artഎന്നിവിടങ്ങളിൽ നിന്നായിരുന്നു ചിത്രകലയിൽ പഠനം. ഇന്ത്യയിലും വിദേശത്തുമായി ഏകാംഗ-സംഘ ചിത്ര പ്രദർശനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്.

## 'ഓണറബിൾ മെൻഷൻ' പുരസ്ക്കാരങ്ങൾ

**പി. പ്രദീപ് കുമാർ**

നിലമ്പൂർ സ്വദേശിയായ പ്രദീപ് കുമാർ കലാപഠനത്തിൽ അഡ്വാൻസ് ഡിപ്ലോമ പൂർത്തിയാക്കിയത് ശാന്തിനികേതനിലെ വിശ്വഭാരതി യൂണിവേഴ്സിറ്റിയിൽ നിന്നുമാണ്. അദ്ദേഹത്തിന്റെ 'ഔട്ടർ എക്കോസ്' എന്ന വുഡ്കട്ട് പ്രിന്റാണ് പുരസ്ക്കാരത്തിനർഹനാക്കിയത്.

**പ്രശാന്ത് ഒളവിലം**

ഒളവിലം സ്വദേശിയായ പ്രശാന്തിനെ പുരസ്ക്കാരത്തിനർഹനാക്കിയത് 'കാഴ്ച' എന്ന അദ്ദേഹത്തിന്റെ ജലച്ഛായ ചിത്രമാണ്.

**സുഭാഷ് വിശ്വനാഥൻ**

തൃശൂരിലെ പേരാമംഗലം സ്വദേശിയായ സുഭാഷിന് 2004-ൽ അക്കാദമിയുടെ സംസ്ഥാന പുരസ്കാരം ലഭിച്ചിട്ടുണ്ട്. 1999-ൽ തൃശൂർ കോളേജ് ഓഫ് ഫൈൻ ആർട്സിൽ നിന്നും NDFA ലഭിച്ചിട്ടുള്ള അദ്ദേഹത്തിന്റെ ശീർഷമമില്ലാത്ത ശില്പമാണ് അദ്ദേഹത്തെ പുരസ്ക്കാരത്തിനർഹനാക്കിയത്.

**സുജീഷ് ഓഞ്ചേരി**

കോഴിക്കോട് സ്വദേശിയായ സുജീഷ് പെയ്ന്റിങ്ങിൽ ബിരുദധാരിയാണ്. ശീർഷകമില്ലാത്ത അദ്ദേഹത്തിന്റെ എണ്ണച്ചായ ചിത്രമാണ് അദ്ദേഹത്തെ പുരസ്ക്കാരത്തിനർഹനാക്കിയത്.

**വിശ്വാസ് എം.**

കാസർഗോഡ് സ്വദേശിയായ വിശ്വാസിന്റെ 'ടൂ വെയ്റ്റ്' എന്ന അക്രിലിക് ചിത്രമാണ് അദ്ദേഹത്തെ ഓണറബിൾ മെൻഷൻ പുരസ്കാരത്തിനർഹമാക്കിയത്. അദ്ദേഹത്തിന് പെയ്ന്റിങ്ങിൽ ബിരുദം ലഭിച്ചിട്ടുണ്ട്.

## വിജയരാഘവൻ എൻഡോവ്മെന്റ് സ്വർണ്ണമെഡൽ

**സദു അലിയൂർ**

കോഴിക്കോട് ജില്ലയിലെ അലിയൂർ സ്വദേശിയാണ് സദു. തലശ്ശേരി സ്ക്കൂൾ ഓഫ് ആർട്സിൽ നിന്നും ചിത്രകലാ പഠനം സിദ്ധിച്ച അദ്ദേഹം ജലച്ഛായത്തിൽ വളരെ പ്രഗത്ഭനാണ്. അദ്ദേഹത്തിന്റെ 'സിറ്റി സ്കേപ്പ് ഓവർ ദ റൂഫ്സ്' എന്ന ജലച്ഛായ ഭൂഭാഗചിത്രമാണ് വിജയരാഘവൻ എൻഡോവ്മെന്റ് സ്വർണ്ണ മെഡലിന് അദ്ദേഹത്തെ അർഹനാക്കിയത്.

## ശങ്കരമേനോൻ എൻഡോവ്മെന്റ് സ്വർണ്ണമെഡൽ

**രാജേഷ് പറവൂർ**

നോർത്ത് പറവൂർ സ്വദേശിയായ രാജേഷിനാണ് പോട്രേറ്റ്/ലാന്റ്സ്കേപ്പ് വിഭാഗത്തിലുള്ള ശങ്കരമേനോൻ എൻഡോവ്മെന്റ് സ്വർണ്ണമെഡൽ ലഭിച്ചത്. തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നിന്നും ഇദ്ദേഹത്തിന് കലാവിദ്യാഭ്യാസം സിദ്ധിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ 'നിറമാർന്ന മലരുകൾ, വിറയാർന്ന വിരലുകൾ' എന്ന ജലച്ഛായ ചിത്രമാണ് അദ്ദേഹത്തിനെ സമ്മാനത്തിനർഹനാക്കിയത്.

**കെ.എ. ഫ്രാൻസിസ്**
ചെയർമാൻ

**ശ്രീമൂലനഗരം മോഹൻ**
സെക്രട്ടറി